## കേരള കാർഷിക സർവകലാശാല വാർത്തകൾ
## (ജൂൺ 11 – 17 2021)

(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651
**E-mail: ccmannuthy@kau.in, Phone: 0487-2370773**)

**No. C3/4/2021 – 25** **Dt. 10.06.2021**

**ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ**

നെല്ലിന്റെ വിരിപ്പു കൃഷിക്കായുള്ള ഞാറ് 4–5 ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്ത് നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ തുടങ്ങിയവയെ ഒരു പരിധി വരെ നിയന്ത്രിക്കാൻ സാധിക്കും. ഇതിന് ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം സ്യൂഡോമോണാസ് കൾച്ചർ എന്ന കണക്കിന് വെള്ളത്തിൽ കലക്കി ലായനി ഉണ്ടാക്കാം.

വർഷക്കാലത്ത് നടാൻ യോജിച്ച പച്ചക്കറി വിളകളാണ് മുളക്, വഴുതന, പച്ചചീര, വെണ്ട എന്നിവ. പച്ചക്കറികൾ നടാനുള്ള കുഴികൾ എടുത്ത്, കുമ്മായം ഇട്ട് ഒരാഴ്ച്ച കഴിഞ്ഞ് പച്ചിലയും കാലിവളവും ചേർക്കണം. കുഴിയെടുത്ത് ഉദ്ദേശം മൂന്നാഴ്ച്ച കഴിഞ്ഞ് തൈകൾ നടാം. മഴക്കാലത്ത് വെള്ളം ചുവട്ടിൽ കെട്ടിനിന്ന് വിളകൾ അഴുകിപ്പോകാൻ സാധ്യത ഉള്ളതിനാൽ ഉയർന്ന വാരങ്ങളിലോ കൂനകളിലോ വേണം വിത്ത് ഇടേണ്ടതും തൈ നടേണ്ടതും. വിത്തുകൾ പ്രോട്രേകളിൽ പാകി മുളപ്പിച്ച് തൈകൾ പറിച്ച് നടുന്നതും ഉത്തമമാണ്. അടുക്കള ത്തോട്ടത്തിൽ ജൈവവളങ്ങൾക്ക് മുൻഗണന നൽകണം. ഒരു സെന്റിന് 2.5 കി.ഗ്രാം കുമ്മായവും 100 കി.ഗ്രാം എന്ന തോതിൽ ജൈവ വളവും വേണ്ടി വരും. കാലിവളം, കമ്പോസ്റ്റ്, മണ്ണിരക്കമ്പോസ്റ്റ്, പച്ചില, വിവിധതരം പിണ്ണാക്കുകൾ, എല്ല് പൊടി, ചാരം തുടങ്ങിയവ ഉപയോഗിക്കാം. തെക്കു പടിഞ്ഞാറൻ മൺസൂണിന്റെ ആരംഭമായതിനാൽ പച്ചക്കറികളിൽ മൃദുരോമപ്പൂപ്പ് എന്ന കുമിൾരോഗം കാണാനിടയുണ്ട്. പ്രതിവിധിയായി ട്രൈക്കോഡർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 15 ദിവസം ഇടവിട്ട് ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ കലക്കി തളിക്കുക. മഞ്ഞളിപ്പ് കൂടുതലായി കാണുകയാണെങ്കിൽ കർസേറ്റ് എന്ന കുമിൾ നാശിനി 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ കലർത്തി തളിച്ചുകൊടുക്കാവുന്നതാണ്.

ജൈവവള ലഭ്യത ഉറപ്പാക്കാനായി അടുക്കളയിലെ ജൈവ അവശിഷ്ടങ്ങളിൽ നിന്നും മണ്ണിര കമ്പോസ്റ്റ് ഉണ്ടാക്കാം. ഇതിനായി 45x45x45 സെ.മീ അളവിലുള്ള വീഞ്ഞപ്പെട്ടി മതിയാകും. പെട്ടിയുടെ അടിയിൽ ചെറിയ സുഷിരങ്ങളുള്ള

പ്ലാസ്റ്റിക്ക് ഷീറ്റ് വിരിക്കണം. അതിനു ശേഷം 10 സെ.മീ കനത്തിൽ മണലും, അതിന് മുകളിൽ 10 സെ.മീ കനത്തിൽ ചകിരിയും നിരത്തി നല്ലപോലെ നനയ്ക്കുക. ഇതിൽ 100 മുതൽ 250 മണ്ണിരകളെ വരെ ഇടാം. അടുക്കളയിൽ നിന്നും പച്ചക്കറികളുടേയും മറ്റ് അവശിഷ്ടങ്ങൾ ഒരു പാത്രത്തിൽ ശേഖരിച്ച് ചെറുതായി ഉണക്കിയശേഷം ഇതിൽ നിരത്താം. ഉണങ്ങിയ ഇലകൾ ഇടുന്നതും നല്ലതാണ്. എണ്ണമയം, എരിവ്, പുളി തുടങ്ങിയവ കൂടുതലുള്ള വസ്തുക്കളോ പ്ലാസ്റ്റിക്കോ ഇടരുത്. ഉറുമ്പ്, എലി എന്നിവയിൽ നിന്നും മണ്ണിരകളെ സംരക്ഷിക്കുകയും വേണം.

തെങ്ങിന് തടമെടുക്കാൻ സമയമായി. തെങ്ങിനു ചുറ്റും 2 മീറ്റർ അർദ്ധവ്യാസത്തിലും 25 സെ.മീ ആഴത്തിലും തടമെടുക്കുക. അതിൽ തെങ്ങൊന്നിന് 25 കി.ഗ്രാം വരെ ജൈവവളം ചേർത്ത് തടം ഭാഗികമായി മൂടുക. പിന്നീട് ഇനത്തിനനുസരിച്ച് ശുപാർശ ചെയ്തിട്ടുള്ള തോതിൽ രാസവളങ്ങളും ചേർക്കാം. നനയുള്ള തോട്ടങ്ങളിൽ നാലു തവണകളായും മഴയെ ആശ്രയിച്ചുള്ള സാഹചര്യത്തിൽ രണ്ടു തവണയായും രാസവളം ചേർക്കാം. സാധാരണ പരിപാലനമുള്ള തെങ്ങിന് ഒരു വർഷം ആകെ വേണ്ട വളം യൂറിയ, മസ്സൂറിഫോസ്, പൊട്ടാഷ് എന്നിവ 750 ഗ്രാം, 850 ഗ്രാം, 1200 ഗ്രാം വീതവും മെച്ചപ്പെട്ട പരിപാലനമുള്ളവയ്ക്ക് 1100 ഗ്രാം, 1600 ഗ്രാം, 1200 ഗ്രാം വീതവുമാണ്. നനക്കാൻ സൗകര്യമുള്ള സങ്കരയിനം തെങ്ങുകൾക്ക് 2200 ഗ്രാം, 2500 ഗ്രാം, 3500 ഗ്രാം എന്നീ തോതിൽ യൂറിയ, മസ്സൂറിഫോസ്, പൊട്ടാഷ് എന്നിവ വേണ്ടി വരും. ഇതിനു പകരം തെങ്ങിന്റെ കൂട്ടുവളം ചേർത്താലും മതിയാകും. തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ 2 ഗ്രാം/ഒരു പായ്ക്കറ്റിൽ മൂന്നു വീതം ഒരു തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക.

അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം കുരുമുളകിൽ ദ്രുതവാട്ട രോഗം കാണാനിടയുണ്ട്. രണ്ട് കിലോ ട്രൈക്കോഡർമ്മ, 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടിക്കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ചത്തേക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക.

വാഴക്കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകാൻ സാദ്ധ്യതയുണ്ടെങ്കിൽ, ചാലുകൾ കീറി നീർവാർച്ചയ്ക്കുള്ള സൗകര്യമുണ്ടാക്കണം. ഇതുമൂലം ഒരു പരിധി വരെ വാഴ മഞ്ഞളിക്കുന്നത് തടയാൻ കഴിയും. വാഴത്തോട്ടത്തിലെ കളകൾ നീക്കം ചെയ്ത് കട ചെത്തി കൂട്ടണം. ഇപ്പോൾ വാഴകളിൽ കാണപ്പെടുന്ന സിഗട്ടോക്ക ഇലപ്പുള്ളി രോഗം നിയന്ത്രിക്കാനായി 2% സ്യൂഡമോണാസ് അല്ലെങ്കിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതമോ പ്രയോഗിക്കാം. രോഗം രൂക്ഷമായ അവസരത്തിൽ രോഗം ബാധിച്ച ഇലകൾ നീക്കം ചെയ്ത് കത്തിച്ച് കളഞ്ഞതിനു ശേഷം, 0.1% വീര്യമുള്ള കാർബെൻഡാസിം അല്ലെങ്കിൽ

0.2% മാങ്കോസെബ് എന്നിവ തളിക്കുക. മഴക്കാലമായതിനാൽ കുമിൾനാശിനി കളോടൊപ്പം ഏതെങ്കിലും പശ കൂടി ചേർത്ത് തളിക്കുന്നതാണ് നല്ലത്.

**അറിയിപ്പ്**

- കോവിഡ് മഹാമാരി കാർഷിക മേഖലയ്ക്കും ആഘാതം സൃഷ്ടിച്ചിരിക്കുകയാണ്. ഈ അവസരത്തിൽ കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, സമൂഹ മാധ്യമങ്ങളിലൂടെ കർഷക രിലേയ്ക്കെത്തുന്നു. വിവിധ വിഷയങ്ങളിലായി സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ നയിക്കുന്ന ഓൺലൈൻ പരിശീലന പരിപാടികൾ ഉണ്ടായി രിക്കുന്നതാണ്. കമ്മ്യൂണിക്കേഷൻസെന്റർ സംഘടിപ്പിക്കുന്ന ഈ പരിപാടി കളിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കായി കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ഫേസ്ബുക്ക് പേജ് സന്ദർശി ക്കുക.
- കൃഷിസംബന്ധമായ സംശയനിവാരണങ്ങൾക്കും അന്വേഷണങ്ങൾക്കുമാ യി കമ്മ്യൂണിക്കേഷൻ സെന്ററിൽ ''ഹെൽപ്പ് ഡെസ്ക്'' ആരംഭിച്ചിരിക്കുന്നു. കൃഷിസംബന്ധമായ സംശയങ്ങൾക്ക് ഹെൽപ്പ് ഡെസ്കുമായി ബന്ധപ്പെടാ വുന്നതാണ്. ഫോൺ നമ്പർ : **9446058252, 8138906435**

**ഒപ്പ്/-**
**പ്രൊഫസർ & ഹെഡ്**